അട്ടക്കുളങ്ങര ബൈപാസ് ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ നടപടി

48 [2534] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അട്ടക്കുളങ്ങര ബൈപാസ് ജംഗ്ഷനിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാലുഭാഗത്തു നിന്നും വരുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിനും യാത്രക്കാരെ സഹായിക്കുന്നതിനും വേണ്ടി ട്രാഫിക് സിഗ്നൽ പോസ്റ്റ് സ്ഥാപിക്കുമോ;

(സി) തിരക്കേറിയ സമയങ്ങളിൽ കൂടുതൽ ട്രാഫിക് പോലീസിനെ നിയോഗിച്ച് ഗതാഗതം സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രാഫിക് സിഗ്നൽ പോസ്റ്റ് സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തിരക്കേറിയ സമയങ്ങളിൽ ഈ സ്ഥലത്ത് ട്രാഫിക് നിയന്ത്രിക്കുന്നതിനു നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കു പുറമേ കൂടുതൽ പോലീസ് ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗപ്പെടുത്തി ഗതാഗതം സുഗമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

മലപ്പുറം ജില്ലയിൽ ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം സംബന്ധിച്ച്

49 [2535] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം ചേരാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം ആരാണ് വിളിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) അടുത്ത യോഗം എന്നാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 16-10-2003-ന് ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം ചേർന്നിട്ടുണ്ട്.

(ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly